LIBRARY ARCHIVES Kerala Legislative Assembly

വില്ലേജിൽ ഒരു മാതൃകാകൃഷിത്തോട്ടം പദ്ധതി

224 (1663) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാർഷികസംസ്കൃതി വീണ്ടെടുക്കുക എന്ന ലക്ഷ്യത്തിനായി കർഷകസംഘം സംസ്ഥാനക്കമ്മിറ്റി ആരംഭിച്ച 'വില്ലേജിൽ ഒരു മാതൃകാ കൃഷിത്തോട്ടം' പദ്ധതിയെക്കുറിച്ച് അറിയാമോ ;

(ബി) പ്രസ്തുത പദ്ധതിക്ക് കൃഷി വകുപ്പിൽനിന്നും എന്തെല്ലാം സഹായങ്ങൾ നൽകുകയുണ്ടായിട്ടുണ്ടെന്നു വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) അറിയില്ല.

(ബി) കൃഷി വകുപ്പിൽനിന്നും യാതൊരു സഹായവും പ്രസ്തുത പദ്ധതിക്ക് നൽകിയിട്ടില്ല.

ജൈവ വൈപ്പിൻ പദ്ധതി

225 (1664) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊക്കാളി നെൽ - മത്സ്യ കൃഷി എന്നിവയുടെ സമഗ്ര വികസനം ലക്ഷ്യം വച്ചുള്ള ജൈവ വൈപ്പിൻ പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ടോ ;

(ബി) പ്രസ്തുത പദ്ധതി നടത്തിപ്പിന് സ്പെഷ്യൽ ഓഫീസറെ ചുമതലപ്പെടുത്തിയിട്ടുണ്ടോ ; എങ്കിൽ സ്പെഷ്യൽ ഓഫീസറുടെ പ്രവർത്തന മേഖല, ഉത്തരവാദിത്വങ്ങൾ എന്നിവ വിശദീകരിക്കാമോ ;

(സി) ജൈവ വൈപ്പിൻ പദ്ധതി നടത്തിപ്പിന് സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ ;

(ഡി) പദ്ധതി എന്നത്തേക്ക് ആരംഭിക്കാനാകുമെന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) നായരമ്പലം പഞ്ചായത്തിലുള്ള നെടുങ്ങാട് പൊക്കാളി പാടശേഖരത്തിന്റെ അടിസ്ഥാനസൗകര്യ വികസനത്തിനായുള്ള 239.17 ലക്ഷം രൂപയുടെ പ്രോജക്ടിന് ആർ.കെ.വി.വൈ. പദ്ധതിയിൽ അംഗീകാരം നൽകിയിട്ടുണ്ട്. കെ.എൽ.ഡി.സി. തയ്യാറാക്കിയ 7685.19 ലക്ഷം രൂപയുടെ 10 പദ്ധതികൾ ആർ.ഐ.ഡി.എഫ്.-ലും 632.15 ലക്ഷം രൂപയുടെ ഒരു പദ്ധതി ആർ.കെ.വി.വൈ. പദ്ധതിയിലും അംഗീകാരത്തിനായി ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) കേരള കാർഷിക സർവകലാശാലയിലെ റിട്ടയേർഡ് പ്രൊഫസർ ആയ ശ്രീ. കെ. ജി. പത്മകുമാറിനെ "International Research and Training Centre for Below Sea Level Farming in Kuttanad" എന്ന പദ്ധതിയുടെ പ്രോജക്ട് ഡയറക്ടർ/സ്പെഷ്യൽ ഓഫീസറായി നിയമിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയിൽ "ജൈവ വൈപ്പിൻ പദ്ധതിയിലെ പൊക്കാളി കൃഷി പുനരുദ്ധാരണം" സംബന്ധിച്ച ചുമതല ഉൾപ്പെടുത്തിയിട്ടുണ്ടോ എന്ന കാര്യം പരിശോധിച്ചുവരുന്നു.

(സി) എറണാകുളം ജില്ലയിലെ പൊക്കാളി കൃഷി പുനരുദ്ധാരണം സംബന്ധിച്ച് 8-5-2013-ൽ ബഹു. കൃഷി വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേരുകയും എറണാകുളം ജില്ലയിലെ പൊക്കാളി കൃഷി പുനരുദ്ധാരണം സംബന്ധിച്ച് കിറ്റ്കോ തയ്യാറാക്കിയ പ്രോജക്ട് അടിസ്ഥാനപരമായി അംഗീകരിച്ച് അത് നടപ്പിലാക്കുന്നതിനാവശ്യമായുള്ള ഫണ്ട് കണ്ടെത്തുന്നതിനുമായുള്ള യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ താഴെ പറയുന്ന നടപടികൾ സ്വീകരിക്കുകയുണ്ടായി :

1. പാടശേഖരങ്ങളിൽ കൊയ്ത്തിന് നേരിടുന്ന തൊഴിലാളികളുടെ ക്ഷാമം പരിഹരിക്കുന്നതിനായി കാംകൊയുടെ കീഴിൽ പൊക്കാളി പ്രദേശത്തേക്ക് അനുയോജ്യമായ കൊയ്ത്ത് യന്ത്രം, നിലം ഒരുക്കുന്നതിന് അനുയോജ്യമായ പവർ ടില്ലർ എന്നിവയുടെ നിർമാണ പ്രവർത്തനങ്ങൾ പുരോഗമിച്ചു കൊണ്ടിരിക്കുന്നു.

2. പൊക്കാളി നില വികസന ഏജൻസി ശക്തിപ്പെടുത്തുന്നതിനായി 2013-14 വർഷം ആർ.കെ.വി.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി 440 ഹെക്ടർ പൊക്കാളി നെൽകൃഷി ചെയ്യുന്നതിനായി ഹെക്ടറിന് 10000 രൂപ സബ്സിഡി നിരക്കിൽ 44 ലക്ഷം രൂപ നൽകുകയുണ്ടായി. കൂടാതെ പ്രത്യേക നെല്ലിനങ്ങളുടെ കൃഷി വികസന പദ്ധതി പ്രകാരം 13 ലക്ഷം രൂപ ചെലവഴിച്ചു കൊണ്ട് 130 ഹെക്ടറിൽ കൃഷി നടപ്പിലാക്കുകയുണ്ടായി. 2014-15

വർഷം പൊക്കാളി കൃഷി നടപ്പിലാക്കുന്നതിനായി 325 ഹെക്ടർ സ്ഥലത്ത് 32.5 ലക്ഷം രൂപ ആർ.കെ.വി.വൈ. പദ്ധതി പ്രകാരവും പ്രത്യേക നെല്ലിനങ്ങളുടെ പദ്ധതി പ്രകാരം 300 ഹെക്ടർ സ്ഥലത്തേക്ക് 30 ലക്ഷം രൂപയും വകയിരുത്തി പദ്ധതി നടപ്പിലാക്കി വരുന്നു.

3. നായരമ്പലം പഞ്ചായത്തിലുള്ള നെടുങ്ങാട് പൊക്കാളി പാടശേഖരത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള 239.17 ലക്ഷം രൂപയുടെ പ്രോജക്ടിന് അംഗീകാരം നൽകിയിട്ടുണ്ട്.

(ഡി) പദ്ധതികൾ അംഗീകരിക്കുന്ന മുറയ്ക്ക് ഇടർ നടപടികൾ സ്വീകരിക്കുന്നതാണ്.

ഓരോ പഞ്ചായത്തിലും മാതൃകാ പച്ചക്കറിത്തോട്ടം

226 (1665) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഓരോ ഗ്രാമ പഞ്ചായത്തിലും ഓരോ മാതൃകാ പച്ചക്കറിത്തോട്ടം പദ്ധതി ആരംഭിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ ;

(ബി) ഇപ്രകാരം സംസ്ഥാനത്ത് എത്ര പച്ചക്കറിത്തോട്ടം ആരംഭിച്ചിട്ടുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ ;

(സി) ജൈവകൃഷി പ്രോത്സാഹിപ്പിക്കാൻ സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ&ബി) ഓരോ ഗ്രാമ പഞ്ചായത്തിലും ഓരോ മാതൃകാ പച്ചക്കറിത്തോട്ടം പദ്ധതി ആരംഭിച്ചിട്ടില്ല. എന്നാൽ ഒരേക്കർ കൃഷിയിടത്തിൽ വിവിധതരം കാർഷിക ഫലപുഷ്ട വിളകളോടൊപ്പം മൂന്നോ അതിലധികമോ കാർഷികേതര മേഖലകൾ സംയോജിപ്പിച്ചുകൊണ്ട് പുതിയ ചെറുകിട മാതൃക കൃഷിത്തോട്ടങ്ങൾ സജ്ജീകരിക്കുന്നതിനുള്ള സംയോജിത മാതൃക കൃഷിത്തോട്ട പദ്ധതി ആരംഭിച്ചിട്ടുണ്ട്.

(സി) കേരളത്തിലെ ജൈവകൃഷി വികസനത്തിന് സംസ്ഥാന സർക്കാർ വിവിധ സഹായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. 10-2-2010-ലെ സ.ഉ.(പി.)39/2010/കൃഷി പ്രകാരം സംസ്ഥാനത്ത് ജൈവ കൃഷി നയം പ്രഖ്യാപിച്ചിട്ടുണ്ട്. 2010-11 വർഷത്തിൽ ഓർഗാനിക് ഫാമിംഗ് പദ്ധതി സംസ്ഥാനത്ത്

LIBRARY ARCHIVES Kerala Legislative Assembly